പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 244 — 18.08.2017 ൽ മറുപടിക്ക്

## സബർബൻ ട്രെയിൻ സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>ഡോ.എം. കെ. മുനീർ<br>ശ്രീ.സി.മമ്മൂട്ടി<br>,, പാറക്കൽ അബ്ദുല്ല | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെ 125.56 കിലോമീറ്റർ ദൂരം ഓട്ടോമാറ്റിക് സിഗ്നലിംഗ് ഏർപ്പെടുത്തിക്കൊണ്ട് റാപിഡ് റെയിൽ ട്രാൻസിസ്റ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്റ്റ്) ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലേക്കായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ഇത് സംബന്ധിച്ച ചർച്ചകൾ കേന്ദ്ര സർക്കാരുമായി നടത്തിവരികയുമാണ്. |
| (ബി) ഈ പദ്ധതിയ്ക്ക് എന്തു തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ; | (ബി) തുടക്കത്തിൽ ഏകദേശം 3100 കോടി രൂപയാണ് പദ്ധതി ചെലവായി കണക്കാക്കിയിരുന്നത്. എന്നാൽ റെയിൽവേ ഓവർ ബ്രിഡ്ജ് അണ്ടർ ബ്രിഡ്ജ് തുടങ്ങിയവയുടെ നിർമ്മാണം ഒഴിവാക്കിയതിനു ശേഷമുള്ള പദ്ധതി ചിലവ് ഏകദേശം 1943.87 കോടി രൂപ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) ഈ പദ്ധതിയ്ക്ക് വേണ്ടിവരുന്ന ചെലവ്, പ്രയോജനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്ന വസ്തുത പരിഗണിച്ച് പദ്ധതി എത്രയും വേഗം നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ? | (സി) ഒരു കിലോമീറ്റർ ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടിവരുന്നത് 15.48 കോടി രൂപ മാത്രമാണ്. ഭൂമി ഏറ്റെടുക്കൽ തുലോം കുറവാണെന്നുള്ളതും ഈ പദ്ധതിയുടെ സവിശേഷതയും ഗുണവുമാണ്. ഈ പദ്ധതിക്ക് വേണ്ടിവരുന്ന ചെലവ്, പ്രയോജനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്ന വസ്തുത പരിഗണിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരികയാണ്. |

അണ്ടർ സെക്രട്ടറി